പാഠം – 1

# സമൂഹത്തിലെ ജീവിതം

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: ഉല്പത്തി 2:1–3; യിരെ. 45:1–5; പുറ. 20:11; 2 ശമൂ. 7:12; മർക്കൊ. 6:30–32; ഉല്പത്തി 4:1–17.**

**മനഃപാഠവാക്യം: "എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചുപോകുന്നു; എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു" (സങ്കീ. 84:2).**

ടിക്, ടിക്, ടിക്, ടിക്, ടിക്, ടിക്. ദയവില്ലാതെ ഘടികാരം ഇങ്ങനെ തുടർച്ചയായി ശബ്ദിച്ചുകൊണ്ടിരുന്നു. ശബ്ബത്ത് ആരംഭത്തിനു രണ്ടു മണിക്കൂർ മാത്രം. തന്റെ വീട്ടിൽ മുറികളുടെ കിടപ്പുകണ്ട് മേരി ദീർഘശ്വാസം വിട്ടുതുടങ്ങി. കുട്ടികളുടെ കളിപ്പാട്ടങ്ങളെല്ലാം പ്രധാനഹാളിൽ ചിതറിക്കിടക്കുന്നു. അടുക്കളസാധനങ്ങളെല്ലാം താറുമാറായിരിക്കുന്നു. ഇളയകുട്ടിയായ സാറാ പനിയായി കിടക്കുന്നു. അടുത്ത ദിവസം അവൾ സഭയിൽ അഭിവാദകയായി (greeter) സേവനം ചെയ്യാമെന്നേറ്റതിനാൽ മുപ്പതു മിനിറ്റ് നേരത്തേതന്നെ എത്തേണ്ടതുമുണ്ട്. നാളെയെങ്കിലും തനിക്കല്പം ശാന്തത കിട്ടിയിരുന്നെങ്കിലെന്ന് അവൾ ആശിക്കുകയായിരുന്നു.

അതേസമയം പട്ടണത്തിന്റെ മറുഭാഗത്ത്, മേരിയുടെ ഭർത്താവ് ജോഷ് വീട്ടുസാധനങ്ങൾ വാങ്ങിയതിന്റെ പണമടയ്ക്കാൻ നിരയിൽ നില്ക്കുന്നതേയുള്ളൂ. തിരക്കു കൂടുതലായിരിക്കുന്നു. പുറത്തേക്കുള്ള നിരയിൽ ആൾക്കൂട്ടം കൂടുതലാണ്. എല്ലാവരും അവസാന നിമിഷമാണ് സാധനങ്ങൾ വങ്ങാനെത്തിയത്. എനിക്കു സ്വസ്ഥത വേണം, ഇങ്ങനെ എപ്പോഴും പറ്റുകയില്ലായെന്നിങ്ങനെ ജോഷ് ഉള്ളത്തിൽ ഞരങ്ങുകയാണ്. ഈ ജീവിതത്തിന് എന്തെങ്കിലും മാറ്റം വേണം.

തിരക്കേറിയ മണിക്കൂറുകൾ, ജോലിസമയം, മുൻകൂറുള്ള ആശുപത്രി നിശ്ചയം, പരോക്ഷ സംഭാഷണം, സാധനങ്ങൾ വാങ്ങൽ, സ്കൂൾ പ്രവർത്തനങ്ങൾ എന്നിവയൊക്കെ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുകയാണ്. പൊതുഗതാഗതസംവിധാനമോ, സ്വന്ത സ്കൂട്ടറോ, കാറോ എന്തുതന്നെയാണു കുടുംബാവശ്യത്തിനു നാം ഉപയോഗിക്കുന്നതെങ്കിലും അതിപ്രാധാന്യമേറിയവയെ മാറ്റിവയ്ക്കുന്ന പ്രവണതയും നമ്മെ ഭീതിപ്പെടുത്തുന്നു.

ഈ ഉന്തിലും തള്ളിലും പെട്ടു നാമെങ്ങനെ സ്വസ്ഥത കണ്ടെത്തും?

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജൂലൈ 3 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## തേഞ്ഞുമാഞ്ഞുപോയ

**ഉല്പത്തി 2:1–3 വായിക്കുക: ആരും തന്നെ ക്ഷീണിക്കുന്നതിനുമുമ്പു ദൈവം ഒരു സ്വസ്ഥ ദിവസം സ്ഥാപിച്ചതെന്തുകൊണ്ട്?**

മനുഷ്യരായ നാം സ്വയം കെട്ടിച്ചുമത്തിയ ജീവിതഭാരങ്ങളിൽത്തട്ടി തകരുന്നതിനുമുമ്പു നമ്മുടെ ഓർമയിൽ നിലനില്ക്കേണ്ടതിനു ദൈവം ഒരു അടയാളചിഹ്നം സ്ഥാപിച്ചു. സ്വസ്ഥമായി ഒഴിഞ്ഞുനിന്നു ജീവിതം ആസ്വദിക്കുന്നതിനായിരുന്നു അത്. സ്വസ്ഥനായി ആ ദിവസത്തിൽ ആയിരുന്നുകൊണ്ട് സസ്യലതാദി ദാനങ്ങൾ, അന്തരീക്ഷവായു, വന്യജീവികൾ, ജലം, ജനം, സർവ്വോപരി സകല നല്ല ദാനങ്ങളുടെയും സൃഷ്ടിതാവ് എന്നിവയോടെല്ലാം ചേർന്ന് ആനന്ദിക്കുന്നതിനായിരുന്നു ശബ്ബത്ത്.

ഏദെനിൽനിന്നു പുറംതള്ളപ്പെട്ടതോടെ അവസാനിക്കുന്ന ഏകക്ഷണമായിരുന്നില്ല അത്. യുഗങ്ങളായി നീണ്ടുനില്ക്കുന്ന സകല പരിശോധനകളും മറികടന്നു വരണമെന്നു ദൈവം അതിനെക്കുറിച്ച് ആഗ്രഹിച്ചു. അതുകൊണ്ട് ആദിയിങ്കൽത്തന്നെ ദൈവം ശബ്ബത്തു സ്വസ്ഥതയെ സമയവുമായി തുന്നിച്ചേർത്തു. സൃഷ്ടിപ്പിന്റെ അടയാളമായ ശബ്ബത്തെന്ന ആനന്ദ സ്വസ്ഥതയിൽ ആയിരിക്കുവാൻ ദൈവം ആവർത്തിച്ചാവർത്തിച്ചു ക്ഷണിക്കുന്നു.

ഇന്നു യന്ത്രങ്ങൾ ഉപയോഗിച്ചു പണി ചെയ്യുന്നതിനാൽ ഇരുന്നൂറുവർഷം മുമ്പത്തെപ്പോലെ മനുഷ്യർ ശാരീരികമായി തളരുന്നില്ലായെന്നു ചിലർ പറഞ്ഞേക്കാം. പക്ഷേ ഇന്നും സ്വസ്ഥതയെന്നതു വളരെ ചുരുങ്ങിയിരിക്കുകയാണ്. നമ്മൾ ജോലി ചെയ്യാത്ത നിമിഷങ്ങൾപ്പോലും നമുക്കു വെകിളിപിടിച്ച പ്രവർത്തനസമയമായി മാറിയിരിക്കുന്നു. നമ്മൾ വളരെ പിന്നിലാണെന്ന് ഇതെല്ലാം സൂചിപ്പിക്കുന്നു. എന്തുമാത്രം ചെയ്തുതീർക്കണമെന്നാഗ്രഹിച്ചാലും വീണ്ടും ധാരാളം അവശേഷിക്കുന്നതായി കാണാം.

നമുക്ക് ഉറക്കം വളരെ കുറവാണെന്നു ഗവേഷണങ്ങൾ തെളിയിക്കുന്നു. ഉറക്കത്തിനു പലരും കഫീൻ തുടങ്ങിയ ലഹരികൾ ഉപയോഗിക്കുന്നു. വേഗതയേറിയ സെൽഫോണുകളും കമ്പ്യൂട്ടറുകളും ഇന്റെർനെറ്റ് ബന്ധങ്ങളുമെല്ലാം നമുക്കുണ്ടെങ്കിലും ഇപ്പോഴും നമുക്കു സമയം തികയുന്നില്ലായെന്ന അവസ്ഥയാണ്.

സ്വസ്ഥത നമുക്ക് എത്രമാത്രം അത്യാവശ്യമാണെന്ന് ഈ വാക്യങ്ങൾ എന്തു പഠിപ്പിക്കുന്നു? മർക്കൊസ് 6:31; സങ്കീ. 4:8; പുറ. 23:12; ആവ. 5:14; മത്തായി 11:28.

നമുക്കു ശാരീരിക സ്വസ്ഥത വേണമെന്നു നമ്മെ സൃഷ്ടിച്ചവൻ അറിഞ്ഞിരുന്നു. സമയചക്രത്തെ ദൈവം രാത്രിയും പകലുമാക്കി. ശബ്ബത്തിനെയും സ്ഥാപിച്ചു. ഇങ്ങനെ ശാരീരിക വിശ്രമാവസരം നല്കി. യേശുവിനെ നമ്മുടെ ജീവിതത്തിൽ കർത്താവായി അംഗീകരിക്കുന്നതുപോലും വിശ്രമമെന്നതിനെ അതീവഗൗരവത്തോടെ കാണുന്നതുതന്നെയാണ്. ശബ്ബത്തു കല്പനയെന്നതു വെറുമൊരു നിർദ്ദേശം മാത്രമല്ല. അതൊരു കല്പന തന്നെ.

**തിരക്കുപിടിച്ച നിങ്ങളുടെ ജീവിതം എങ്ങനെയിരിക്കുന്നു? നമുക്കുവേണ്ടി ദൈവം ആഗ്രഹിക്കുന്ന ശാരീരികവും ആത്മികവുമായ സ്വസ്ഥത അനുഭവിച്ചറിയുവാൻ നിങ്ങൾക്ക് എന്തുചെയ്യുവാനാകും?**

## പൊള്ളയായ ഓട്ടം

അമിതമായ ശാരീരിക അദ്ധ്വാനവും നിദ്രാരാഹിത്യവും കൊണ്ടുള്ളവയാണ് യഥാർത്ഥപ്രശ്നങ്ങൾ. 'മനോവികാരത്തിൽ' നാം ആയിരിക്കുന്നുവെന്നുള്ള തോന്നൽ ചിലപ്പോഴൊക്കെ നമ്മിലുണ്ടാകുന്നതു കൂടുതൽ പ്രതിസന്ധിക്കു കാരണമാണ്. മനോവികാര പിരിമുറുക്കത്തോടുകൂടെ ഉറക്കവും നഷ്ടപ്പെടുമ്പോൾ വേദനാകരമായ നിരാശ നമുക്കുണ്ടാകും.

ബാബിലോണ്യർ വന്നു യെരൂശലേമിനെ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അവർക്കുണ്ടായ ക്രമശൂന്യതകളും കലാപങ്ങളും സംഹാരങ്ങളും കഷ്ടപ്പാടുകളുമെല്ലാംകൊണ്ടു യിരെമ്യാപ്രവാചകന്റെ എഴുത്തുകാരനായ ബാരൂക്കിനുണ്ടായ അനുഭവം ശ്രദ്ധേയമാണ്.

യിരെമ്യാവ് 45:1–5 വായിച്ചിട്ട് ബാരൂക്കിന്റെ മനോവികാര ആരോഗ്യത്തെപ്പറ്റിയുള്ള ഒരു കുറിപ്പടി തയ്യാറാക്കുക.

നിങ്ങൾ വ്യക്തിപരമായി പാലിക്കേണ്ട ഒരു ആചാരസന്ദേശം ദൈവം അയക്കുമ്പോൾ ഉണ്ടാകുന്ന അനുഭവം എന്തെന്നു സങ്കല്പിക്കുക. ദൈവത്തിന്റെ സിംഹാസനമുറിയിൽനിന്നു നേരിട്ടുള്ളൊരു ദൂത് ബാരൂക്കിനുണ്ടായി (യിരെ. 45:2). "യോശീയാവിന്റെ മകനായി യെഹൂദാരാജാവായ യെഹോയാക്കിമിന്റെ നാലാം ആണ്ടിൽ" ഏകദേശം ബി.സി. 605 ലോ 604 ലോ ആയിരിക്കുമിതു സംഭവിച്ചത്. കൈക്കൽ ഒന്നുമില്ലാതെ മനുഷ്യർ ഓടുമ്പോൾ സംഭവിക്കുന്നതു യിരെമ്യാവ് 45:3 പറയുന്നു.

ബാരൂക്കിന്റെ വേദനകൾക്കും ദുഃഖങ്ങൾക്കുമുള്ള ദൈവത്തിന്റെ പ്രതികരണം എന്തായിരുന്നു? യിരെ. 45:4,5.

ബാരൂക്കിന്റെ തീവ്രവേദനകൾക്കുള്ള ദൈവത്തിന്റെ പ്രതികരണം നമ്മെ ഓർമപ്പെടുത്തുന്നത് ഇതിൽ ദൈവം അനുഭവിക്കുന്ന സങ്കടം ബാരൂക്ക് അനുഭവിക്കുന്നതിനെക്കാൾ അതികഠിനമായതാണെന്നാണ്. ദൈവം യെരൂശലേമിനെ പണിതു; ദൈവംതന്നെ അതിനെ ഇടിച്ചുകളയുന്നു. ദൈവം അതിനെ ഒരു നല്ല മുന്തിരിവള്ളിയായി നട്ടു (യെശ. 5:1–7). ദൈവം തന്നെ അതിനെ പറിച്ചെടുത്തു പ്രവാസത്തിലേക്കു തള്ളുന്നു. തന്റെ ജനത്തിനുവേണ്ടി ദൈവമിത് ആഗ്രഹിച്ചതല്ലായെങ്കിലും ദൈവത്തിന് എതിരേയുള്ള അവരുടെ മത്സരം അത്ര രൂക്ഷമായതായിരുന്നു.

പക്ഷേ ബാരൂക്കു പെട്ടുപോയിരിക്കുന്ന ഗുഹയുടെ അറ്റത്തു വെളിച്ചമുണ്ട്. അവന്റെ ജീവനെ ദൈവം സംരക്ഷിക്കുന്നു. സർവ്വനാശത്തിന്റെയും പ്രവാസത്തിന്റെയും നടുവിലാണെങ്കിൽപ്പോലും.

ബാരൂക്കിനോടുള്ള ദൈവവചനം വീണ്ടും വായിക്കുക. ഇതിൽനിന്നു നമുക്കുള്ള ദൂത് എന്താണ്? നമ്മുടെ സ്ഥിതി എന്തുതന്നെ ആണെങ്കിലും ദൈവം നമുക്കായി എന്തുചെയ്യും?

## പഴയനിയമത്തിലെ സ്വസ്ഥതയുടെ നിർവചനം

പഴയനിയമ എബ്രായ പരിഭാഷയിൽ സ്വസ്ഥതയെക്കുറിക്കുന്ന അനേകം വാക്കുകളുണ്ട്. പുതുതായി സ്ഥാപിക്കപ്പെട്ട ഏഴാംദിന ശബ്ബത്തിൽ ഉല്പത്തി 2:2,3 പ്രകാരം ക്രിയാപദമായി ഉപയോഗിച്ചിരിക്കുന്ന "ഷബ്ബാത്ത്" എന്നതിനു "വേലയിൽ നിന്നു വിരമിക്കുക", "വിശ്രമിക്കുക", "സ്വസ്ഥദിനം എടുക്കുക" എന്നൊക്കെ അർത്ഥമുണ്ട്. "ശബ്ബത്ത്" എന്ന നാമപദത്തിന്റെ ക്രിയാരൂപമാണത്. ഇതേ ക്രിയാപദംതന്നെ പുറപ്പാട് 5:5 ലും കാണുന്നു. കോപിഷ്ഠനായ ഫറവോൻ മോശയെ കുറ്റപ്പെടുത്തി പറയുന്നതു നിങ്ങൾ ജനത്തെ വേലയിൽനിന്നു "മിനക്കെടുത്തുന്നു" എന്നാണ്.

ദൈവം ഏഴാംദിന ശബ്ബത്തിൽ വേലയിൽനിന്നു നിവൃത്തനായതിനെ നാലാം കല്പനയിൽ പറയുന്നിടത്തും എബ്രായപദമായ "നുവാക്ക്" (nuakh) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു (പുറ. 20:11; ആവ. 5:14). ഇതേ വാക്കു "വിശ്രമിക്കുന്നു" എന്നും (ഇയ്യോബ് 3:13). മരുഭൂമിയിൽ ജനം പാളയമടിക്കുമ്പോൾ നിയമപെട്ടകം "വിശ്രമിക്കുന്നു" എന്നും (ഇംഗ്ലീഷിൽ setted) (സംഖ്യാ. 10:36) പ്രയോഗിച്ചിട്ടുണ്ട്. 2 രാജാ. 2:15 ൽ ഏലീയാവിന്റെ ആത്മാവ് എലീശയിൽ "അധിവസിക്കുന്നു" എന്നു പ്രയോഗിച്ചിരിക്കുന്നു.

മറ്റൊരു എബ്രായ ക്രിയാപദം "ഷക്വാത്ത്" എന്നത് "വിശ്രമിത്തിലായിരിക്കുക", "ആശ്വാസം പകരുക", "ശാന്തമായിരിക്കുക" എന്നൊക്കെ അർത്ഥമാക്കുന്നു. യോശുവായുടെ ആദ്യ ആക്രമണവിജയശേഷം "ദേശത്തിനു സ്വസ്ഥത വന്നു" എന്നു യോശുവ 11:23 പറയുന്നു. യോശുവായുടെയും ന്യായാധിപന്മാരുടെയും പുസ്തകങ്ങളിൽ ഈ വാക്ക് "സമാധാനം" എന്ന അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്.

തന്റെ ജനം അനുസരണക്കേടു കാണിച്ചാലുള്ള ഫലത്തെക്കുറിച്ച് മുന്നറിയിപ്പു കൊടുക്കുന്നിടത്ത് അവർ പ്രവാസത്തിലാകുമ്പോൾ "സ്വസ്ഥത" ഉണ്ടാകയില്ലായെന്ന് ആവ. 28:65 പറയുന്നു.

ആവർത്തനം 31:16; 2 ശമൂവേൽ 7:12 എന്നിവ വായിക്കുക. ഇവിടെ പറയുന്ന വിശ്രമം ഏതു രീതിയിലുള്ളതാണ്?

ഈ രണ്ടു സ്ഥലങ്ങളിലും എബ്രായ ക്രിയാപദമായ "ഷക്കാബ്" ആണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർത്ഥം "കിടക്കുക", "ഉറങ്ങുക" എന്നൊക്കെയാണ്. ദാവീദിനോടുള്ള ദൈവത്തിന്റെ ഉടമ്പടിയിൽ ഇസ്രായേലിന്റെ ഭാവി രാജാവിനെപ്പറ്റിയും "നിന്റെ ഉദരത്തിൽനിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്ക്കാലം തികഞ്ഞിട്ടു നിന്റെ പിതാക്കന്മാരോടുകൂടെ നീ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും" എന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു (2 ശമൂ. 7:12).

വിശ്രമത്തെപ്പറ്റി പറയുന്ന എബ്രായക്രിയാപദങ്ങളിൽ ചുരുക്കം ചിലതാണു നാം മുകളിൽ കണ്ടത്. വ്യക്തികളായും കൂട്ടമായും നാം വിശ്രമിക്കുന്നു. ശാരീരികമായും സമൂഹമായും വൈകാരികമായും വിശ്രമം നമ്മെ ബാധിക്കുന്നുണ്ട്. അതു ശബ്ബത്തു വിസ്രമത്തെയും ബാധിക്കുന്നു.

**ഒരു ശത്രുവായി കരുതപ്പെടുന്ന മരണം ഒരിക്കൽ തുടച്ചുനീക്കപ്പെടും. ഉറ്റവരുടെ മരണത്തിൽ നാം നിലവിളിക്കുകയും വിലപിക്കുകയും ചെയ്യാറുണ്ട്. പക്ഷേ അതൊരു ഉറക്കം മാത്രമെന്നു കാണുമ്പോൾ എന്തുകൊണ്ടതു നമുക്ക് ആശ്വാസമാകുന്നില്ല?**

## പുതിയനിയമത്തിലെ സ്വസ്ഥതയുടെ നിർവചനം

പുതിയനിയമപുസ്തകങ്ങളിൽ സ്വസ്ഥതയെപ്പറ്റി പറയുന്ന വാക്കുകളിൽ സാധാരണയായിട്ടുള്ളത് “അനാപവ” (anapauo) എന്നതാണ്. “വിശ്രമിക്കുക”, “ആശ്വസിക്കുക”, “ഉന്മേഷം പ്രാപിക്ക” എന്നൊക്കെ അതിനർത്ഥമുണ്ട്. മത്തായി 11:28 ൽ യേശു പറയുന്ന സുപ്രധാന വാക്യത്തിലും ഈ വാക്കുണ്ട്. “അദ്ധ്വാനിക്കുന്നവരും ഭാരംചുമക്കുന്നവരും ആയുള്ളോരേ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.” ശാരീരികവിശ്രമമായിട്ടും ഇതിനെപ്പറ്റി പറയാം (മത്തായി 26:45). കൊരിന്ത്യസഭയ്ക്കെഴുതിയ അവസാന ആശംസയിൽ തന്റെ സ്നേഹിതർ എത്തിച്ചേർന്നതിൽ തനിക്കുണ്ടായ മാനസിക തണുപ്പിനെ പൗലൊസ് എടുത്തുപറയുന്നു (1 കൊരി. 16:18).

വിശ്രമത്തെക്കുറിച്ചു പറയുന്ന മറ്റൊരു ക്രിയാപദം “ഹൈച്ചാസോ” (hesychazo) എന്ന എബ്രായ വാക്കാണ്. യേശു കല്ലറയിൽ വിശ്രമിച്ചപ്പോൾ ശിഷ്യന്മാർ ശബ്ബത്തു വിശ്രമത്തിലായിരുന്നതിനെ അത് എടുത്തുപറയുന്നു (ലൂക്കൊസ് 23:56). ശാന്തമായ ഒരു ജീവിതം നയിക്കുന്നതിനെപ്പറ്റിയും ഈ പദംതന്നെ ഉപയോഗിച്ചിട്ടുണ്ട് (1 തെസ്സ. 4:11). എതിർപ്പില്ലായെങ്കിൽ മിണ്ടാതിരിക്കുന്നതിനെയും ഈ വാക്കു സൂചിപ്പിക്കുന്നു (അപ്പൊ. 11:18).

പഴയനിയമപുസ്തകങ്ങളുടെ ഗ്രീക്കുപരിഭാഷയായ സെപ്റ്റാജിന്റിൽ എബ്രായർ 4:4 ൽ ഉപയോഗിച്ചിരിക്കുന്ന വാക്കായ “കാറ്റപാവോ” (katapauo) സൃഷ്ടിപ്പിൻ വാരത്തിലെ ഏഴാംദിന സ്വസ്ഥതയെ ‘സൃഷ്ടിപ്പ് അവസാനിച്ചു”, ‘വിശ്രമത്തിലാക്കി” “വിശ്രമിച്ചു” എന്നൊക്കെയുള്ള അർത്ഥമാക്കിയുള്ളതാണ്. ഈ വാക്കിന്റെ വിവിധ അർത്ഥങ്ങൾ എബ്രായർ 4–ാം അദ്ധ്യായത്തിലുണ്ട്.

മർക്കൊസ് 6:30–32 വായിക്കുക. അവർ നടത്തിക്കഴിഞ്ഞ സുവിശേഷീകരണപദ്ധതികളുടെ പശ്ചാത്തലത്തിൽ അല്പം വിശ്രമിച്ചുകൊൾവാൻ യേശു പറഞ്ഞത് എന്തുകൊണ്ട്? ഈ ചോദ്യത്തിനുത്തരമായി മർക്കൊസ് ആറാം അദ്ധ്യായം മുഴുവൻ വായിച്ചുനോക്കുക.

“നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടുവന്നു അല്പം ആശ്വസിച്ചുകൊൾവിൻ” (മർക്കൊസ് 6:31) എന്നത് ഒരുക്ഷണം മാത്രമല്ല, അതൊരു അടിയന്തര കാര്യമായും കൂടെയാണു പറയുന്നത്. അതൊരു ആജ്ഞാരൂപവുമാണ്. യേശു ശിഷ്യരെക്കുറിച്ചു ചിന്തയുള്ളവനും അവരുടെ ശാരീരിക–മാനസികകാര്യങ്ങളിൽ ശ്രദ്ധാലുവും ആണ്. ഈരണ്ടായി (മർക്കൊസ് 6:7) യേശു അയച്ചിരുന്ന അവർ പ്രവർത്തനപദ്ധതി കഴിഞ്ഞു തിരിച്ചെത്തിയതേയുള്ളൂ (മർക്കൊസ് 6:30). അവർക്കുണ്ടായ നേട്ടങ്ങളും തോൽവികളും യേശുവിനോടു വിവരിപ്പാനവർക്കു തിടുക്കമാണെങ്കിലും അതു തടഞ്ഞുകൊണ്ടു വിശ്രമിച്ചുകൊൾവാൻ യേശു ആവശ്യപ്പെട്ടു (മർക്കൊസ് 6:31). ആരോഗ്യവും വൈകാരികഘടകങ്ങളും സുരക്ഷിതമായിരിക്കേണ്ടത് ആവശ്യമെന്നു യേശു ഓർമ്മപ്പെടുത്തുന്നു.

**നിങ്ങളുടെ പാസ്റ്ററോ മൂപ്പനോ ദൈവവേലയിൽ ക്ഷീണിക്കാതിരിപ്പാൻ അവർക്കു സഹായമായി നില്ക്കേണ്ടതിനു നിങ്ങൾക്കു എന്തുചെയ്യുവാനാകും? അവർക്കു വിശ്രമം ലഭിക്കേണ്ടതിന് എന്തുസഹായം ചെയ്യുവാൻ നിങ്ങൾക്കു കഴിയും?**

## ഉഴന്നലയുന്നവൻ

**ഉല്പത്തി 4:1–12 വായിക്കുക. കയീൻ "ഭൂമിയിൽ ഉഴന്നലയുന്നവൻ" ആയതെന്തുകൊണ്ട്?**

ദൈവം കയീനിലും അവന്റെ വഴിപാടിലും പ്രസാദിക്കാതിരുന്നതും ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചതും എന്തുകൊണ്ടെന്നു തിരുവെഴുത്തു വിശദമായി പ്രതിപാദിക്കുന്നില്ല (ഉല്പത്തി 4:4,5). കാരണമെന്തെന്നു നമുക്കറിയാം. "ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന യാഗത്തിലും അതിന്റെ ആവശ്യകതയിലും പിറുപിറുപ്പോടും അവിശ്വാസത്തോടുംകൂടെ കയീൻ ദൈവമുമ്പാകെ വന്നു. പാപത്തിന്റെമേൽ അനുതപിക്കാത്ത ഒരു യാഗം അവൻ അർപ്പിച്ചു. ഇന്ന് അനേകർ ചിന്തിക്കുന്നതുപോലെ തന്നെ വാഗ്ദത്ത രക്ഷകനിൽ പൂർണ്ണമായി ആശ്രയിക്കുന്നതും പാപക്ഷമക്കായി വാഗ്ദത്ത മശീഹായിൽ വിശ്വസിക്കുന്നതും സ്വന്തം ബലഹീനത വെളിപ്പെടുത്തൽ തന്നെയെന്ന് അവൻ ചിന്തിച്ചു. സ്വയാശ്രയമെന്ന പാതയവൻ തിരഞ്ഞെടുത്തു. തന്റെ സ്വന്തനേട്ടങ്ങളിൽ നിലയുറപ്പിച്ചുകൊണ്ടവൻ ദൈവമുമ്പാകെ വന്നു" PP. P. 72.

അവൻ ഭൂമിയിൽ ഉഴന്നലയുന്നവൻ ആകുമെന്നു ദൈവം പറഞ്ഞത് അവനെ ദൈവം അങ്ങനെ ആക്കിയതല്ല. അവന്റെ പാപപ്രവൃത്തികളും അനുസരണക്കേടും നിമിത്തം അങ്ങനെ സംഭവിക്കുകയായിരുന്നു. ദൈവത്തിൽ വിശ്രമം കണ്ടെത്താനാകാതെയും മറ്റൊരിടത്തും അതു കാണാതെയും ഇരിക്കയാൽ അവൻ ഉഴന്നലഞ്ഞു. ഉല്പത്തി 4:4 ൽ "പ്രസാദിച്ചു" എന്ന വാക്ക് ഇംഗ്ലീഷിൽ "respected" എന്നുള്ളതു "വ്യക്തമായി നോക്കി", "സൂക്ഷ്മതയോടെ ശ്രദ്ധിച്ച്" എന്നൊക്കെ അർത്ഥം വരുന്ന എബ്രായ വാക്കിൽനിന്നുള്ളതാണ്. ദൈവം സൂക്ഷ്മതയോടെ ശ്രദ്ധിച്ചു നോക്കുന്നതു യാഗവസ്തുവിനെയല്ല. യാഗാർപ്പണം നടത്തുന്ന വ്യക്തിയുടെ മനോഭാവത്തെയാണ്. കയീന്റെ പഴവർഗ്ഗയാഗം തിരസ്കരിച്ചതു സ്വാർത്ഥചിത്തനായ സങ്കല്പദേവന്റെ സ്വാർത്ഥനിർണ്ണയംപോലെയല്ല. പ്രത്യുത സ്വഭാവത്തെ സൂക്ഷ്മതയോടെ തൂക്കിനോക്കി യാഗാർപ്പകന്റെ മനോഭാവം മാനസികവികാരം എന്നിവയെല്ലാം മനസ്സിലാക്കി യാഗവസ്തുകൊണ്ടുവരുന്നതിലുള്ള പ്രേരകഘടകം, പ്രേരണ എന്നിവയെല്ലാം ഗ്രഹിച്ചുകൊണ്ടുള്ളതാണ്. പരിശോധനാ ന്യായവിധിയുടെ ഒരു നല്ല ഉദാഹരണവും കൂടെയാണത്.

ഉല്പത്തി 4:13–17 വായിക്കുക. ദൈവത്തിന്റെ ന്യായവിധിയിൽ പ്രതികരണം വിവരിക്കുക. ദൈവസന്നിധിവിട്ടു നാം ഓടിപ്പോകുമ്പോൾ നമ്മൾ വിശ്രമരഹിതരാകും. ദൈവികകൃപയ്ക്കായുള്ള അഭിവാഞ്ഛയെ നികത്തുന്നതിനു സാധനസാമഗ്രികൾ മാനുഷിക ബന്ധങ്ങൾ, തിരക്കിട്ട ജീവിതചര്യ എന്നിവയിലേക്കു തിരിയും. ഒരു രാജവംശവും ഒരു പട്ടണവും പണിവാൻ കയീൻ തുടങ്ങി. രണ്ടും വലിയ നേട്ടങ്ങളാണ്. ഉറപ്പേറിയ നിശ്ചയദാർഢ്യത്തെയും ശക്തികേന്ദ്രത്തെയും അതു പ്രഘോഷിക്കുന്നു. പക്ഷേ അതു ദൈവരഹിത രാജവംശവും മത്സര നഗരവുമാണെങ്കിൽ അന്തിമമായി ശൂന്യതയിലാണ്.

**നാം പലപ്പോഴും ചെയ്യുന്നതുപോലെ പാപത്തിന്റെ പരിണിതഫലം നാം കൊയ്യാറുണ്ടെങ്കിലും ക്രൂശിൽകൂടെ നമുക്കായി നല്കിയിരിക്കുന്ന പാപക്ഷമ സ്വീകരിപ്പാൻ നമുക്കെങ്ങനെ പഠിക്കാം?**

## കൂടുതൽ ആശയങ്ങൾ:

റബ്ബിമാരുടെ കണക്കു കൂട്ടലിൽ മതത്തിന്റെ ആകെത്തുകയെന്നത് എപ്പോഴും തിരക്കിട്ട ആരാവാരത്തോടുകൂടിയ പ്രവർത്തനങ്ങളാണ്. അവരുടെ പരകോടിയിലെ ഭക്തി പുറമെ കാണിക്കുവാനവർ ബാഹ്യമായ എന്തെങ്കിലും നാട്യം കാണിച്ചുനടക്കുക പതിവായിരുന്നു. അങ്ങനെ അവർ ദൈവത്തിൽ നിന്നകന്ന് സ്വയം സംതൃപ്തിയിൽ ജീവിച്ചിരുന്നു. ഇതേ അപകടങ്ങൾ ഇന്നും നടക്കുന്നുണ്ട്. പ്രവർത്തനങ്ങൾ അധികരിക്കുകയും ദൈവവേലയിൽ എന്തെങ്കിലും നേട്ടം മനുഷ്യർക്കുണ്ടാകയും ചെയ്യുമ്പോൾ മാനുഷിക പദ്ധതികളിലും രീതികളിലും അവർ ആശ്രയം വെയ്ക്കുന്ന അപകടത്തിൽ ചാടിപ്പോകുന്നു. വളരെ കുറച്ചു പ്രാർത്ഥിക്കുകയും വിശ്വാസത്തിൽ കുറഞ്ഞിരിക്കുകയും ചെയ്യുന്ന പ്രവണത ഉണ്ടാകുന്നു. ശിഷ്യഗണത്തിനു സംഭവിച്ചതുപോലെ ദൈവത്തിങ്കലെ ആശ്രയം ദൃഷ്ടിപഥത്തിൽനിന്നും മായുകയും നമ്മുടെ പ്രവൃത്തിയെത്തന്നെ രക്ഷകനായി കണ്ടെത്തുവാൻ പരിശ്രമിക്കുകയും ചെയ്യും. നാം സ്ഥിരമായി യേശുവിങ്കൽതന്നെ ദൃഷ്ടി പതിപ്പിച്ചിരിക്കയും പ്രവർത്തനത്തിനു നമ്മെ സഹായിക്കുന്നതു കർത്താവിന്റെ ശക്തി മാത്രമാണെന്നു ഗ്രഹിച്ചിരിക്കയും വേണം. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മാക്കളുടെ രക്ഷയ്ക്കായി ഉത്സാഹത്തോടെ തന്നെ പ്രവർത്തിക്കുന്നതിനോടൊപ്പം പ്രാർത്ഥനയിൽ ഉറ്റിരിക്കുകയും ധ്യാനത്തിനു സമയം കണ്ടെത്തുകയും തിരുവചനപഠനത്തിൽ ആയിരിക്കയും വേണ്ടതാണ്. ക്രിസ്തുവിന്റെ ശ്രേഷ്ഠതകൊണ്ടു വിശുദ്ധീകരണം പ്രാപിച്ച പ്രാർത്ഥനയിൽ കൂടെ നേടുന്ന പ്രവർത്തനംമാത്രം അന്ത്യത്തിൽ നന്മയ്ക്കായി തെളിയിക്കപ്പെടും" The Desire of Ages p. 362

## ചർച്ചാചോദ്യങ്ങൾ

1. **ഉന്നതിയിൽ ആയിരിക്കണമെന്നുള്ള നിരന്തര സമ്മർദ്ദം, മുകളിൽത്തന്നെ ഉണ്ടായിരിക്കണമെന്നും എപ്പോഴും എല്ലാറ്റിനും തന്നെത്താൻ ലഭ്യമാക്കണമെന്നുമുള്ള ആഗ്രഹം, യാഥാർത്ഥ്യമോ ദൈവികമോ അല്ലാത്തതായ ആശയങ്ങളോടു ചേർന്നുള്ള ജീവിതം എന്നിവ മനുഷ്യരെ ശാരീരികമായും മാനസികമായും വൈകാരികമായും രോഗികളാക്കുന്നു. ഇങ്ങനെ തേഞ്ഞു ക്ഷീണിച്ചു തകർന്നു പൊയ്ക്കൊണ്ടിരിക്കുന്നവർക്കു സ്വസ്ഥത കിട്ടേണ്ടതിനുള്ള ഒരു സ്വാഗതസ്ഥലമായി നിങ്ങളുടെ സഭയ്ക്ക് എങ്ങനെ മാറുവാനാകും?**
2. **ദൈവത്തിനുവേണ്ടി നല്ല കാര്യങ്ങൾ ചെയ്തും തിരക്കിലാകാൻ സാദ്ധ്യതയുണ്ട്. മർക്കൊസ് 6:30–32 ൽ പറയുന്ന യേശുവിന്റെയും ശിഷ്യന്മാരുടെയും കഥ ചിന്തിക്കുക. ഇതു ക്ലാസ്സിൽ ചർച്ച ചെയ്യുക.**
3. **1899 ൽ ഒരു സ്പീഡ് റിക്കോർഡ് ഖണ്ഡിക്കപ്പെട്ടു. ഒരു കാർ 39.24 മൈൽ വേഗതയിലോടുന്നു. ഒരു തലമുറ മുമ്പുണ്ടായിരുന്ന അതിവേഗ കമ്പ്യൂട്ടറിനെക്കാളും എത്രയോ മടങ്ങ് വേഗതയിൽ ഇന്നത്തെ സെൽഫോണുകൾ പ്രവർത്തിക്കുന്നു. വായുവിലൂടെയുള്ള സഞ്ചാരം എത്രയോ മടങ്ങു വേഗതയിലായിരിക്കുന്നു. എല്ലായിടവും വേഗതതന്നെ. നാമും ഈ ഓട്ടത്തിലാണെങ്കിലും സ്വസ്ഥത രഹിതരാണ്. മനുഷ്യന്റെ അടിസ്ഥാനപ്രകൃതവും തിരുവെഴുത്തും ഇതിൽ നമ്മോടെന്തുപറയുന്നു? ദൈവകല്പന പറയുന്നതെന്താണ്?**
4. **പാപത്തിനുമുമ്പുള്ള ഏദെനിൽ ശബ്ബത്തുവിശ്രമം ആരംഭിച്ചതിനെക്കുറിച്ചു ധ്യാനിക്കുക. പൂർണ്ണത നിറഞ്ഞ പാപരഹിത ലോകത്തിലും ശബ്ബത്തു വിശ്രമത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു ചിന്തിക്കുക.**